പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 160 **26-10-2026-ൽ മറുപടിയ്ക്ക്**

ഫയലുകൾ തീർപ്പാക്കാൻ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. നജീബ് കാന്തപുരം

ശ്രീ. മഞ്ഞളാംകുഴി അലി

ശ്രീ. പി. കെ. നവാസ്

ശ്രീ. ടി. വി. ഇബ്രാഹിം

മറുപടി നൽകിയ മന്ത്രി

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

(എ) വിവിധ സർക്കാർ ഓഫീസുകളിലായി തീർപ്പാകാതെ കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിന് പുതിയ പദ്ധതി ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

മറുപടി: ഉണ്ട്. 30.09.2026 വരെ സെക്രട്ടേറിയറ്റ് ഉൾപ്പെടെ സംസ്ഥാന സർക്കാരിന്റെ വിവിധ കാര്യാലയങ്ങളിലും അനുബന്ധ ഓഫീസുകളിലും തീർപ്പാക്കാൻ ബാക്കി നിൽക്കുന്ന ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി 15.10.2026 മുതൽ 31.12.2026 വരെ നീണ്ടുനിൽക്കുന്ന "ജനസ്പർശം-കേരളം" എന്ന പേരിൽ ഫയൽ അദാലത്ത് സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) വർഷങ്ങളായി തീർപ്പാക്കാത്തതും അടിയന്തര പ്രാധാന്യമുള്ളതുമായ ഫയലുകൾക്ക് മുൻഗണന നൽകുമോ;

മറുപടി: തീർപ്പാക്കാൻ ബാക്കിയുള്ള ഫയലുകൾ തീർപ്പാക്കുന്നതിൽ മുൻഗണന നൽകേണ്ട ഫയലുകളെ 4 കാറ്റഗറികളായി തരംതിരിച്ച് നടപടി സ്വീകരിക്കുവാൻ 15.10.26 ലെ സ.ഉ (കൈ)19/2026/പി&എആർഡി ഉത്തരവിൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഫയൽ അദാലത്ത് നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ നടത്താനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ?

മറുപടി: ഉണ്ട്. 30.09.2026 വരെ സെക്രട്ടേറിയറ്റ് ഉൾപ്പെടെ സംസ്ഥാന സർക്കാരിന്റെ വിവിധ കാര്യാലയങ്ങളിലും അനുബന്ധ ഓഫീസുകളിലും തീർപ്പാക്കാൻ ബാക്കി നിൽക്കുന്ന ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി 15.10.2026 മുതൽ 31.12.2026 വരെയാണ് ഫയൽ അദാലത്ത് നടത്തുവാൻ തീരുമാനിച്ചിരിക്കുന്നത്.

സെക്ഷൻ ഓഫീസർ